"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് അറവക്കാട് എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ചിത്ര പി., മംഗലാംകുന്ന് എ.ജെ.ബി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.അജിത എ., കിണാശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.കവിത കെ.(WP(C)No.41189/2018-ലെ 2, 3 & 4 ഹർജിക്കാർ) എന്നിവരും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)No.41189/2018-ലും WP(C)No. 41931/2018-ലും ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 14.03.2023 തീയതിയിലെ പൊതുവിധിന്യായം ടി ഹർജിക്കാർക്ക് വേണ്ടി നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

**സ.ഉ.(സാധാ) നം.4332/2024/GEDN തീയതി,തിരുവനന്തപുരം, 11-07-2024**

---

പരാമർശം:-

1. WP(C)No.41189/2018, WP(C)No. 41931/2018 എന്നിവയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 14.03.2023 തീയതിയിലെ പൊതുവിധിന്യായം.
2. ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/06/2023, 10/07/2023 തീയതികളിലെ ഡി/1442/2023 നമ്പർ കത്ത്.
3. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 10/07/2023 തീയതിയിലെ ഇ/149/2023 നമ്പർ കത്ത്.
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/07/2023 ഡിഇഎംകെഡി/1457/2023-ബി1 നമ്പർ കത്ത്.
5. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/07/2023 ഡിഇഒറ്റിപി/981/2023-ബി4 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14/07/2023 തീയതിയിലെ ജി1/11551/2023/ഡിജിഇ നമ്പർ കത്ത്.
7. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 16/07/2023 തീയതിയിലെ ഡിഡിഇപികെഡി/2161/2023-ബി2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് അറവക്കാട് എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ചിത്ര പി. മംഗലാംകുന്ന് എ.ജെ.ബി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.അജിത എ., കിണാശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.കവിത കെ.

(WP(C)No.41189/2018-ലെ 2, 3 & 4 ഹർജിക്കാർ) എന്നിവരും മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത WP(C)No.41189/2018-ലും WP(C)No.41931/2018-ലും ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 പൊതുവിധിന്യായത്തിൽ WP(C)No.41189/2018-ലെ EXT.P10 (G.O.(Rt)No.2532/2018/GEdn dated 6.7.2018) set aside ചെയ്യുകയും; ടി വിധിന്യായം കൈപ്പറ്റി മൂന്നാഴ്ചയ്ക്കകം additional representation ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിക്കുന്നതിന് ഹർജിക്കാർക്ക് നിർദ്ദേശം നൽകുകയും; ഹർജിക്കാരെ ഉചിതമാർഗ്ഗേണ കേട്ട് ടി ഹർജികളിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ WP(C)No.41189/2018 ലെ 2, 3 & 4 ഹർജിക്കാരുടെ പ്രതിനിധി, കിണാശ്ശേരി എ.എൽ.പി.എസ്. മാനേജർ, ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും പ്രതിനിധികൾ എന്നിവരെ 13.07.2023 തീയതിയിൽ google meet മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരുടെ അപേക്ഷ ഇപ്രകാരമാണ് :**

ഹർജിക്കാർ ദീർഘകാലമായി ദിവസവേതനാടിസ്ഥാനത്തിൽ വിവിധ സ്കൂളുകളിൽ തുടരുന്നവരാണ്. അൺ എക്കോണമിക് സ്കൂളുകളിൽ അതായത് 1 മുതൽ 4 വരെ ക്ലാസ്സുകളിൽ 60 കുട്ടികൾ ഇല്ലാത്തവരെയും യു.പി. വിഭാഗത്തിൽ 45 കുട്ടികൾ ഇല്ലാത്തവരെയും അൺ എക്കോണമിക് സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തിയിരിക്കുന്നു. അവിടെ നിയമിതരായവർക്ക് റഗുലർ അടിസ്ഥാനത്തിൽ ശമ്പളം നിഷേധിച്ചതിനെതിരെയാണ് കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യപ്പെട്ടത്.

കേരള വിദ്യാഭ്യാസ നിയമത്തിൽ സ്കൂളുകളെ തരം തിരിച്ചിട്ടുണ്ട്. എന്നാൽ എക്കോണമിക് സ്കൂൾ എന്നോ, അൺ എക്കോണമിക് സ്കൂൾ എന്നോ തരം തിരിക്കപ്പെട്ടിട്ടില്ല. കുട്ടികൾ കുറഞ്ഞുപോയി എന്നതുകൊണ്ട് അത് അൺ എക്കോണമിക് സ്കൂൾ ഗണത്തിൽപ്പെടുത്തി യോഗ്യതയുള്ള അധ്യാപകരെ നിയമിച്ച് ശമ്പളം നിഷേധിക്കുന്നത് നിയമപരമായി നിലനിൽക്കുന്നതല്ല.

കുട്ടികൾ കൂടിയ സ്കൂളിലെ അധ്യാപകരുടെ പ്രവൃത്തിയും കുട്ടികൾ കുറഞ്ഞ സ്കൂളിലെ അധ്യാപകരുടെ പ്രവൃത്തിയും ഒന്നു തന്നെയാണ്. അവരുടെ ജോലി ഭാരവും സമാനമാണ്. അഞ്ച് മണിക്കൂർ അധ്യാപകർ ജോലിയെടുക്കേണ്ടതുണ്ട്. തുല്യജോലിക്ക് തുല്യവേതനം എന്ന ബഹു. സുപ്രീം കോടതിയുടെ വിധി ഇക്കാര്യത്തിൽ പ്രസക്തമാകുന്നു. ആകയാൽ ഒരേ ജോലി നിർവ്വഹിക്കുന്ന ജോലിഭാരം സമാനമായ അധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ തരംതിരിക്കുന്നത് ശരിയല്ല എന്ന് ബോധിപ്പിക്കുന്നു.

മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളിലെ അധ്യാപകേതര ജീവനക്കാർക്ക് ഇത്തരത്തിലുള്ള ഒരു വിവേചനവും ഏർപ്പെടുത്തിയിട്ടില്ല. അത് സംബന്ധിച്ച് കോടതിവിധി അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്. സ്കൂളിലെ അധ്യാപകേതര ജീവനക്കാർക്ക് റഗുലർ ശമ്പളസ്കെയിലിൽ ശമ്പളം കൊടുക്കുമ്പോൾ അവിടെ പഠിപ്പിക്കുന്ന അധ്യാപകർക്ക് അത്

നിഷേധിക്കപ്പെടുന്നു. കൂടാതെ, സർക്കാർ വിദ്യാലയങ്ങളിൽ ഇത്തരത്തിലുള്ള യാതൊരു വിവേചനവും നിലവിലില്ല. അധ്യാപകർക്ക് ശമ്പളം നിജപ്പെടുത്തിയിട്ടുള്ളത് സർക്കാർ സ്കൂളുകളിൽ എന്താണോ അത് തന്നെയാണ്. (Mutatis-Mutandis). ആകയാൽ മതിയായ കുട്ടികൾ ഇല്ലെന്ന കാരണത്തിൽ നിർവ്വഹിക്കുന്ന ജോലിക്ക് ശമ്പളം നിഷേധിക്കുന്നത് നിയമപരമായി ശരിയല്ല. ആ നടപടി പുന:പരിശോധിക്കുന്നതിന് വേണ്ടിയാണ് ബഹു. കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

കേന്ദ്ര വിദ്യാഭ്യാസ ചട്ടം 2009 പ്രകാരം 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും, നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ടതുണ്ട്. കുട്ടികൾ കുറഞ്ഞുപോയി എന്നതുകൊണ്ട് അവിടെ പഠിപ്പിക്കുന്ന അധ്യാപകരുടെ ജോലി ഭാരം കുറയുന്നതേയില്ല. അതിനാൽ നിയമാനുസൃതം നിയമിക്കപ്പെട്ട റിവിഷൻ ഹർജിക്കാർക്ക് റഗുലർ അടിസ്ഥാനത്തിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകേണ്ടതുണ്ട്.

മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജിക്കാർക്ക് എല്ലാവർക്കും നിയമനത്തീയതി മുതൽ റഗുലർ ശമ്പളസ്കെയിലിൽ നിയമനാംഗീകാരം നൽകി ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

**3. ചെർപ്പുളശ്ശേരി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും സമാനമായ റിപ്പോർട്ട് ഇപ്രകാരമാണ് :**

മംഗലാംകുന്ന് എ.എൽ.പി.എസ്.ൽ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി. ശോഭയെ പ്രധാനാധ്യാപികയായി പ്രൊമോട്ട് ചെയ്തപ്പോൾ ഉണ്ടായ ഒഴിവിലാണ് 01/06/2015 മുതൽ ശ്രീമതി. അജിതയെ നിയമിക്കുന്നത്. 2015-16-ൽ ഈ വിദ്യാലയത്തിൽ 36 കുട്ടികൾ മാത്രമാണ് ഉണ്ടായിരുന്നത്. സർക്കുലർ നമ്പർ.J2/58606/2012/Gen.Edn തീയതി 06/11/2012, J2/951951/2016/Gen.Edn തീയതി 09/11/2016 എന്നിവ പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിലേ അംഗീകരിക്കുവാൻ കഴിയുമായിരുന്നുള്ളൂ. അതിൻ പ്രകാരം, ഉത്തരവ് നം. D.Dis/C/2015/2016 തീയതി 04/02/2017 പ്രകാരം ശ്രീമതി. അജിതയുടെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയുന്നു.

2016-17 - 37; 2017-18 - 37; 2018-19 - 34;
2019-20 - 32; 2020-21 - 39; 2021-22 - 37;
2022-23 - 30.

നിയമനം നടന്നുകഴിഞ്ഞ് ഒരു വർഷവും മതിയായ എണ്ണം കുട്ടികൾ ഉണ്ടായിട്ടില്ല.

കിണാശ്ശേരി എ.എൽ.പി.എസ്.ൽ ശ്രീമതി. രാധയെ പ്രധാനാധ്യാപികയായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ 15/06/2015 മുതലാണ് ശ്രീമതി. കവിത കെ.യെ നിയമിച്ചിട്ടുള്ളത്. ഈ വിദ്യാലയത്തിൽ ആകെ 42 കുട്ടികൾ ആണ് ഉണ്ടായിരുന്നത്. സർക്കുലർ നമ്പർ.J2/951951/2016 തീയതി 09/11/2016 പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിലെ നിയമനം ദിവസവേതനാടിസ്ഥാനത്തിലേ അംഗീകരിക്കാൻ കഴിയുമായിരുന്നുള്ളൂ. അതിൻപ്രകാരം, ശ്രീമതി. കവിത കെ.യുടെ 15/06/2016 മുതലുള്ള നിയമനം 08/03/2017-ലെ D.Dis/E/1989/2016 പ്രകാരം

ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകി.

തുടർന്നുള്ള വർഷങ്ങളിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ എണ്ണം താഴെ പറയുന്നു.

2017-18 - 53; 2018-19 - 53; 2019-20 - 54;
2020-21 - 61; 2021-22 - 51; 2022-23 - 43

2020-21-ൽ മാത്രമാണ് 60-ൽ അധികം കുട്ടികൾ വരുന്നത്. മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിലെ നിയമനാംഗീകാരം സംബന്ധിച്ച് സർക്കാർ / പൊതുവിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവ് / സർക്കുലറുകൾക്കനുസരിച്ചാണ് നിയമനാംഗീകാരം നൽകിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**4. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

ഗവൺമെന്റ് സർക്കുലർ നം. 58604/ജെ2/12 തിയതി 06/11/2012 പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ റഗുലർ ആയി അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് 1 മുതൽ 4 വരെ ക്ലാസ്സുകളിൽ എറ്റവും ചുരുങ്ങിയത് 60 വിദ്യാർത്ഥികൾ വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പൊതുവിദ്യാദ്യാസ വകുപ്പിന്റെ നം.631703/ജെ2/2016 തിയ്യതി 01/08/2016 ഉത്തരവു പ്രകാരം മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നടത്താവുന്നതാണെന്നും, മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ള വിദ്യാലയമായാൽ അത് റഗുലർ അടിസ്ഥാനത്തിൽ ശമ്പളനിരക്കിൽ അംഗീകരിക്കണെമെന്നും നിർദ്ദേശം നൽകിയിരുന്നു.

സർക്കാർ ഉത്തരവ് (സാധാ).2243/2018/പൊ.വി.വ തിയ്യതി 16/06/2018 പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ ക്ലാസ്സ് ഒരു യൂണിറ്റായി കണക്കാക്കി മതിയായ യോഗ്യതയുള്ള അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

ഈ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കുകയും മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ നൽകുന്നതിനുമാണ് വിധിന്യായം വന്നിരിക്കുന്നത്.

ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ എല്ലാം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിലെ നിയമനങ്ങൾ ദിവസവേതനാടിസ്ഥാനത്തിലാണ് നടത്തി വന്നിരുന്നത്. അറവാക്കാട് എ.എൽ.പി.സ്കൂളിലെ ശ്രീമതി. ചിത്ര പി.യെ 01/06/2015 മുതൽ ശ്രീമതി. പ്രസന്ന കെ.പി. പ്രധാനാദ്ധ്യാപികയായ ഒഴിവിലാണ് നിയമനം നടത്തിയത്. ടി സ്കൂൾ 1987 മുതൽ തന്നെ 100-ൽ താഴെ വിദ്യാർത്ഥികൾ ഉള്ളതിനാൽ മതിയായ എണ്ണം ഇല്ലാത്ത വിദ്യാലയത്തിന്റെ ഗണത്തിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയിരിക്കുന്നത്. 2023-24 വർഷത്തിലും ടി സ്കൂളിൽ 22 വിദ്യാർത്ഥികൾ മാത്രമെ അധ്യയനം നടത്തുന്നുള്ളു എന്നതിനാൽ ഈ വർഷവും ടി സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത

വിദ്യാലയത്തിന്റെ ഗണത്തിൽപ്പെടുന്നതാണ്.

**5.** **ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്:**

അറവക്കാട് ALP സ്കൂളിലെ LPST ആയിരുന്ന ശ്രീമതി.പ്രസന്ന K.P.യെ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലാണ് ശ്രീമതി.ചിത്ര പി.യെ 01.06.2015 മുതൽ LPST ആയി നിയമിച്ചിരിക്കുന്നത്. മേൽ നിയമനം 01.06.2015 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

06.11.2012 തിയ്യതിയിലെ ഗവൺമെന്റ് സർക്കുലർ നമ്പർ 58604/ജെ2/12 പ്രകാരം മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂളുകളിൽ റെഗുലർ ആയി അധ്യാപക നിയമനം അംഗീകരിക്കുന്നതിന് 1 മുതൽ 4 വരെ ക്ലാസ്സുകളിൽ ഏറ്റവും ചുരുങ്ങിയത് 60 വിദ്യാർത്ഥികൾ വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2015-16 വർഷം ടി സ്കൂളിൽ 1 മുതൽ 4 വരെ ക്ലാസ്സുകളിലായി ആകെ 30 കുട്ടികൾ ആണ് പഠിച്ചിരുന്നത്. ടി സ്കൂൾ 1987 മുതൽ തന്നെ 100-ൽ താഴെ വിദ്യാർത്ഥികൾ ഉള്ളതിനാൽ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയം എന്ന ഗണത്തിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ദിവസവേതനാടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയിട്ടുള്ളത് എന്നത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

01.08.2016 തിയ്യതിയിലെ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 631703/ജെ2/2016 നമ്പർ സർക്കുലർ പ്രകാരം മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നടത്താവുന്നതാണെന്നും, ടി സ്കൂൾ മതിയായ എണ്ണം വിദ്യാർത്ഥികൾ ഉള്ള വിദ്യാലയമായാൽ അത് റെഗുലർ അടിസ്ഥാനത്തിൽ ശമ്പളനിരക്കിൽ അംഗീകരിക്കണമെന്നും നിർദ്ദേശം ലഭിച്ചിരുന്നു. കൂടാതെ, മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിദ്യാലയങ്ങളിലെ അധ്യാപക നിയമനകൾക്ക് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച 12.6.2018 തിയ്യതിയിലെ G.O.(Ms)No.83/2018/പൊ.വി.വ പ്രകാരം 2018-19 അധ്യയന വർഷം മുതൽ ഒരു ക്ലാസ്സിലെ ശരാശരി കുട്ടികളുടെ എണ്ണം 15 ഇല്ലെങ്കിൽ അത്തരം വിദ്യാലയങ്ങളിൽ പുതിയ നിയമനങ്ങളെല്ലാം ദിവസവേതനാടിസ്ഥാനത്തിൽ ആയിരിക്കുമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമനം റെഗുലർ ഒഴിവിലാണെങ്കിലും മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത വിദ്യാലയങ്ങളിൽ നിലവിൽ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ ആണ് അംഗീകരിച്ച് വരുന്നത്. അറവക്കാട് ALPസ്കൂളിൽ 2023-24 അധ്യയന വർഷത്തിലും 22 വിദ്യാർത്ഥികൾ മാത്രമാണ് പഠിക്കുന്നത്. ഇപ്പോഴും മേൽ വിദ്യാലയം മതിയായ എണ്ണം വിദ്യാർത്ഥികൾ ഇല്ലാത്ത ഗണത്തിൽപ്പെടുന്നുവെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി.ചിത്ര പി.യുടെ 01.06.2015 മുതൽക്കുള്ള LPST ദിവസവേതനനിയമനം ഇപ്പോഴും റെഗുലർ അടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ നിർവാഹമില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

**6.** സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ വാദങ്ങളുടെയും വിദ്യാഭ്യാസ

ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2015-16 കാലയളവിൽ എൽ.പി.എസ്.ടി. ആയി നിയമിക്കപ്പെട്ട ഹർജിക്കാർക്ക് നിയമനത്തീയതി മുതൽ റഗുലർ ശമ്പളസ്കെയിലിൽ അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. മംഗലാംകുന്ന് എ.ജെ.ബി.എസ്.ൽ എൽ.പി.എസ്.ടി. ആയിരുന്ന ശ്രീമതി. ശോഭയെ പ്രധാനാധ്യാപികയായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി. അജിതയെ 01.06.2015 മുതൽ എൽ.പി.എസ്.ടി. ആയി നിയമിച്ചു. കിണാശ്ശേരി എ.എൽ.പി.എസ്.ൽ ശ്രീമതി. രാധയെ പ്രധാനാധ്യാപികയായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി. കവിത കെ.യെ 15.06.2015 മുതൽ എൽ.പി.എസ്.ടി. ആയി നിയമിച്ചു. അറവാക്കാട് എ.എൽ.പി.എസ്.ൽ ശ്രീമതി. പ്രസന്ന കെ.വി.യെ പ്രധാനാധ്യാപികയായി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ശ്രീമതി. ചിത്ര പി.യെ 01.06.2015 മുതൽ എൽ.പി.എസ്.ടി. ആയി നിയമിച്ചു.

**7.** ഹർജിക്കാരുടെ നിയമനം റഗുലർ ഒഴിവുകളിലാണ് നടത്തിയിരിക്കുന്നത് എങ്കിലും സർക്കാർ സർക്കുലർ നം.J2/58604/2012/G.Edn dated 06.11.2012, സർക്കുലർ നം.631703/J2/2016 dated 01.08.2016, സർക്കുലർ നം.951951/J2/2016 dated 09.11.2016, G.O.(Ms)No. 83/2018/GEdn dated 12.06.2018 എന്നിവ പ്രകാരം 2015-2016 മുതൽ 2022-223 വരെയുള്ള കാലയളവിൽ ടി സ്കൂളുകളിൽ മതിയായ എണ്ണം കുട്ടികളില്ല എന്ന കാരണത്താൽ ദിവസവേതനാടിസ്ഥാനത്തിലാണ് ഹർജിക്കാർക്ക് നിയമനാംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**8.** മേൽ സാഹചര്യത്തിൽ, മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്താവൂ എന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന് നിലവിൽ മാറ്റമില്ലാത്തതിനാൽ, പാലക്കാട് അറവക്കാട് എ.എൽ.പി.സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ചിത്ര പി., മംഗലാംകുന്ന് എ.ജെ.ബി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.അജിത എ., കിണാശ്ശേരി എ.എൽ.പി. സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി.കവിത കെ.(WP(C)No.41189/2018-ലെ 2, 3 & 4 ഹർജിക്കാർ) എന്നിവർ 14.03.2023 തീയതിയിലെ ടി പൊതുവിധിന്യായപ്രകാരം സർക്കാരിൽ സമർപ്പിച്ച ഹർജിയിലെ ആവശ്യം നിരസിച്ച് തീർപ്പാക്കി, അപ്രകാരം WP(C)No.41189/2018-ലും WP(C)No. 41931/2018-ലും ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 1 പൊതുവിധിന്യായം WP(C)No.41189/2018-ലെ 2, 3 & 4 ഹർജിക്കാർക്ക് വേണ്ടി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ചെർപ്പുളശ്ശേരി.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം.
മാനേജർ, എ.എൽ.പി. സ്കൂൾ, അറവക്കാട്, അമ്പലപ്പാറ
പി.ഒ., ഒറ്റപ്പാലം, പാലക്കാട്.
മാനേജർ, എ ജി പി സ്കൂൾ, മംഗലാംകുന്ന്, കാട്ടുക്കുളം പി.ഒ.,
പാലക്കാട്.
മാനേജർ, എ.എൽ.പി.സ്കൂൾ, കിണാശ്ശേരി, കല്ലുവഴി പി.ഒ.,
തിരവഴിക്കോട്, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.എൽ.പി.സ്കൂൾ, അറവക്കാട്,
അമ്പലപ്പാറ പി.ഒ., ഒറ്റപ്പാലം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.ജി.പി. സ്കൂൾ, മംഗലാംകുന്ന്,
കാട്ടുക്കുളം പി.ഒ., പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, എ.എൽ.പി. സ്കൂൾ, കിണാശ്ശേരി, കല്ലുവഴി. പി ഒ,
തിരവഴിക്കോട്, പാലക്കാട്.
ശ്രീമതി. ചിത്ര പി., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ
എ.എൽ.പി. സ്കൂൾ, അറവക്കാട്, അമ്പലപ്പാറ പി.ഒ.,
ഒറ്റപ്പാലം, പാലക്കാട്
ശ്രീമതി. അജിത എ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ
എ.ജി.പി. സ്കൂൾ, മംഗലാംകുന്ന്, കാട്ടുക്കുളം പി.ഒ., പാലക്കാട്.
ശ്രീമതി. കവിത കെ., ലോവർ പ്രൈമറി സ്കൂൾ ടീച്ചർ
എ.എൽ.പി. സ്കൂൾ, കിണാശ്ശേരി, കല്ലുവഴി പി.ഒ.,
തിരവഴിക്കോട്, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്),
തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ (ജെഎ) വകുപ്പ് (JA1/206/2023/GEDN
dtd 4.6.2024)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.[B3/126/2023]

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 11-07-2024 15:12:16

സെക്ഷൻ ഓഫീസർ